ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 21.08.2024** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. കാലാവസ്ഥാവ്യതിയാനത്തെ നേരിടുന്നതിൽ ലോക രാജ്യങ്ങൾ കൂട്ടായ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ.

   **Vice President Jagdeep Dhankar calls for collective intervention on tackling climate change.**

2. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പോളണ്ട്-യുക്രെൻ സന്ദർശനത്തിന് ഇന്ന് തുടക്കം. പ്രമുഖ നേതാക്കളുമായി പ്രധാനമന്ത്രി ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും.

   **Prime Minister Narendra Modi embarked on a 3-day visit to Poland and Ukraine today. Prime Minister will hold bilateral meetings with prominent leaders.**

3. നിർണ്ണായക സാങ്കേതികവിദ്യകൾ കൈമാറുന്നതിലെ വെല്ലുവിളികൾ നീക്കം ചെയ്യണമെന്ന് 2 പ്ലസ് 2 സംഭാഷണത്തിൽ ജപ്പാനോട് അഭ്യർത്ഥിച്ച് ഇന്ത്യ.

   **India has called on Japan to remove regulatory bottlenecks that exist in sharing of critical technologies at 2+2 Ministerial Dialogue.**

4. തിരുവനന്തപുരം കഴക്കൂട്ടത്ത് നിന്ന് കാണാതായ പതിമൂന്നുകാരിയ്ക്കായി തിരച്ചിൽ ഊർജിതമാക്കി പോലീസ്.

   **The police have intensified the search for the thirteen-year-old girl who went missing from Kazhakoottam in Thiruvananthapuram, Kerala.**

5. മഹാരാഷ്ട്രയിലെ താനെയിൽ നഴ്സറി സ്കൂൾ വിദ്യാർത്ഥിനികൾ പീഡിപ്പിക്കപ്പെട്ട സംഭവത്തിൽ സംസ്ഥാന സർക്കാർ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചു.

**The Maharashtra government appointed a special investigation team in Badlapur sexual abuse case**

&&&&&&&&&&&&&&&&

# HEADLINE – 1

# JAGDEEP DHANKHAR-CONCLAVE

ആഗോളതലത്തിലെ ഏറ്റവും പ്രധാന വെല്ലുവിളിയായ കാലാവസ്ഥാവ്യതിയാനത്തെ നേരിടുന്നതിന് എല്ലാ രാജ്യങ്ങളും കൂട്ടായി ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ. എല്ലാവർക്കുമായുള്ള ഭാവി സൃഷ്ടിക്കുന്നത്, മാനവികതയുടെ സുസ്ഥിരതയ്ക്ക് അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. 19-ാമത് സിഐഐ ഇന്ത്യ- ആഫ്രിക്ക ബിസിനസ് കോൺക്ലേവിൻ്റെ ഉദ്ഘാടന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വ്യാപാരം, നിക്ഷേപം, അടിസ്ഥാന സൗകര്യം, ആരോഗ്യ സംരക്ഷണം, സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിലാണ് സമ്മേളനം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. 47 ആഫ്രിക്കൻ രാജ്യങ്ങൾ ഉൾപ്പെടെ അറുപത്തിയഞ്ച് രാജ്യങ്ങളിൽ നിന്നുള്ള 1100 ലധികം പ്രതിനിധികൾ കോൺക്ലേവിൽ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&

## HEADLINE – 2
## PM- POLAND

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പോളണ്ട്-യുക്രൈൻ സന്ദർശനത്തിന് ഇന്ന് തുടക്കമായി. രണ്ട് ദിവസത്തെ സന്ദർശനത്തിനായി പോളണ്ടിലെത്തുന്ന പ്രധാനമന്ത്രി, പോളിഷ് പ്രസിഡൻറ് ഓൺഡ്രേ ഡൂഡ, പ്രധാനമന്ത്രി ഡോണൾഡ് ടസ്ക്, എന്നിവരുമായി കൂടികാഴ്ച നടത്തും. 45 വർഷങ്ങൾക്ക് ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി പോളണ്ട് സന്ദർശിക്കുന്നത്. ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്രബന്ധത്തിൻറെ 70-ാം വാർഷികം പൂർത്തിയാകുന്ന വേളയിലാണ് ശ്രീ മോദിയുടെ പോളണ്ട് സന്ദർശനം. പോളണ്ടിലെ ഇന്ത്യൻ സമൂഹവുമായും വ്യവസായ പ്രമുഖരുമായും അദ്ദേഹം സംവദിക്കും. തുടർന്ന് ഈ മാസം 23 ന് യുക്രൈനിലെത്തുന്ന പ്രധാനമന്ത്രി, യുക്രൈൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയുമായി കൂടിക്കാഴ്ച നടത്തും. യുക്രൈൻ പ്രസിഡൻറിൻറെ പ്രത്യേക ക്ഷണപ്രകാരമാണ് ശ്രീ മോദിയുടെ സന്ദർശനം. മധ്യ യൂറോപ്പിലെ പ്രധാന സാമ്പത്തിക സഹകരണ ശക്തിയാണ് പോളണ്ടെന്ന് യാത്രയ്ക്കു മുന്നോടിയായുള്ള പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു. ജനാധിപത്യം, ബഹുസ്വരത എന്നിവ കാത്തു സൂക്ഷിക്കുന്നതിൽ ഇന്ത്യയ്ക്കും പോളണ്ടിനുമുള്ള പ്രതിബദ്ധത ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം കൂടുതൽ മെച്ചപ്പെടുത്തിയതായും അദ്ദേഹം ചൂണ്ടിക്കാട്ടി. യുക്രൈനുമായുള്ള ഉഭയകക്ഷിബന്ധം ശക്തിപ്പെടുത്താൻ തൻറെ സന്ദർശനം അവസരമൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നതായും ശ്രീ മോദി വ്യക്തമാക്കി. റഷ്യ-യുക്രൈൻ സംഘർഷം സമാധാനപരമായി പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വൊളോഡിമിർ സെലൻസ്കിയുമായി പങ്കുവയ്ക്കുമെന്നും അദ്ദേഹം അറിയിച്ചു. മേഖലയിൽ സമാധാനവും, സുസ്ഥിരതയും

പുനസ്ഥാപിക്കപ്പെടുമെന്ന് പ്രത്യാശിക്കുന്നതായും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&

## HEADLINE – 3

## INDIA - JAPAN 2+2

നിർണ്ണായക സാങ്കേതികവിദ്യകൾ കൈമാറുന്നതിലെ വെല്ലുവിളികൾ നീക്കം ചെയ്യണമെന്ന് ജപ്പാനോട് അഭ്യർത്ഥിച്ച് ഇന്ത്യ. ഇന്ത്യ- ജപ്പാൻ ഉഭയകക്ഷി സഹകരണം മെച്ചപ്പെടുത്തുന്നതിനും ഇന്നലെ ന്യൂഡൽഹിയിൽ നടന്ന 2+2 മന്ത്രിതല ചർച്ചയിൽ ധാരണയായി. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്, വിദേശകാര്യമന്ത്രി എസ് ജയശങ്കർ, ജപ്പാൻ പ്രതിരോധ മന്ത്രി കിഹാര മിനോരു, വിദേശകാര്യ മന്ത്രി യോക്കോ കാമികാവ എന്നിവരാണ് ചർച്ചയിൽ പങ്കെടുത്തത്. പ്രതിരോധ മേഖല ഉൾപ്പെടെയുള്ള രംഗങ്ങളിലെ സാങ്കേതികവിദ്യ, ഗവേഷണം, വ്യാവസായിക സഹകരണം എന്നിവ സംബന്ധിച്ച് ചർച്ച നടത്തിയതായി വിദേശകാര്യമന്ത്രി എസ് ജയശങ്കർ പറഞ്ഞു. സ്വതന്ത്രവും നീതിയുക്തവുമായ ഇന്തോ- പസഫിക് നയത്തിനാണ് ഇരു രാജ്യങ്ങളും പ്രഥമ പരിഗണന നൽകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ജപ്പാനിലെ ഫുകോക്കയിൽ പുതിയ കോൺസുലേറ്റ് സ്ഥാപിക്കാൻ ഇന്ത്യ ലക്ഷ്യമിടുന്നതായും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&

## RAJNATH - US

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിൻറെ നാല് ദിവസത്തെ അമേരിക്കൻ സന്ദർശനത്തിന് മറ്റന്നാൾ തുടക്കം. ഇന്ത്യ-യുഎസ് ബന്ധവും, പ്രതിരോധ

സഹകരണവും കൂടുതൽ ശക്തിപ്പെട്ട സാഹചര്യത്തിലാണ് സന്ദർശനം. ഇരു രാജ്യങ്ങൾക്കുമിടയിലെ നയതന്ത്ര പങ്കാളിത്തം കൂടുതൽ ദൃഢമാക്കാൻ സന്ദർശനം സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രതിരോധ രംഗത്തെ ഭാവി സഹകരണം സംബന്ധിച്ച ഉന്നതതല യോഗത്തിൽ ശ്രീ രാജ്നാഥ് സിങ്ങ് പങ്കെടുക്കും. അമേരിക്കയിലെ ഇന്ത്യൻ സമൂഹവുമായും അദ്ദേഹം സംവദിക്കും.

&&&&&&&&&&&&&&&&

## INDIA- EU CONFERENCE

ഭീകരവാദം ഉയർത്തുന്ന വെല്ലുവിളികൾ നേരിടാനും സൈബർ മേഖലയിലെ തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിനുമായി സംയുക്ത നടപടികൾ ആരംഭിക്കണമെന്ന് ഇന്ത്യയിലെ യൂറോപ്യൻ യൂണിയൻ അംബാസഡർ ഹെർവ് ഡെൽഫിൻ . ന്യൂഡൽഹിയിൽ നടക്കുന്ന രണ്ടു ദിവസത്തെ EU-ഇന്ത്യ തീവ്രവാദ വിരുദ്ധ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. തീവ്രവാദവും ഭീകരവാദവും പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള ഓൺലൈൻ പ്രചാരണങ്ങൾ ഉയർത്തുന്ന വെല്ലുവിളികളെ നേരിടുന്നതിൽ യൂറോപ്യൻ യൂണിയന് കാര്യക്ഷമമായ സംവിധാനം ഉണ്ടെന്നും ഡെൽഫിൻ വ്യക്തമാക്കി. ദക്ഷിണേഷ്യയിലെയും യൂറോപ്പിലെയും ഡിജിറ്റൽ തീവ്രവാദത്തിനെതിരായ പോരാട്ടത്തിൽ മുൻനിരയിലുള്ള വിദഗ്ധർ, നയരൂപകർത്താക്കൾ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&

## GEORGE KURIAN -MP

രാജ്യസഭാ ഉപതിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുളള സമയപരിധി ഇന്ന് അവസാനിക്കും. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ മധ്യപ്രദേശിൽ നിന്ന് ബിജെപി സ്ഥാനാർത്ഥിയായി രാജ്യസഭയിലേക്ക് മത്സരിക്കും. കോൺഗ്രസ് നേതാവ് K.C വേണുഗോപാൽ രാജിവെച്ചതിനെ തുടർന്ന് ഒഴിവു വന്ന രാജസ്ഥാനിലെ രാജ്യസഭാ സീറ്റിൽ കേന്ദ്രമന്ത്രി രവനീത് സിംഗ് ബിട്ടു മത്സരിക്കും. അടുത്ത മാസം മൂന്നിനാണ് രാജ്യസഭാ തെരഞ്ഞെടുപ്പ്.

&&&&&&&&&&&&&&&&

## HEADLINE – 4
## GIRL MISSING - INTRO

തിരുവനന്തപുരം കഴക്കൂട്ടത്ത് നിന്ന് കാണാതായ അസം സ്വദേശിയായ പതിമൂന്നുകാരിയ്ക്ക് വേണ്ടിയുള്ള തെരച്ചിൽ ഊർജിതമായി തുടരുന്നു. കുട്ടിയെ കണ്ടെത്തുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടന്നുവരികയാണെന്ന് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....**

(വോയ്സ്)

&&&&&&&&&&&&&&&&

## HEADLINE – 5
## MH GIRL CHILD

മഹാരാഷ്ട്രയിലെ താനെയിൽ രണ്ട് നഴ്സറി സ്കൂൾ വിദ്യാർത്ഥിനികൾ ലൈംഗികമായി പീഡിപ്പിക്കപ്പെട്ട സംഭവത്തിൽ പ്രതിഷേധം ശക്തമാകുന്നു. കേസിൽ

അറസ്റ്റിലായ അക്ഷയ് ഷിൻഡേ എന്നയാളെ കോടതി മൂന്ന് ദിവസത്തെ പോലീസ് കസ്റ്റഡിയിൽ വിട്ടു. സ്കൂളിലെ ശുചീകരണ ജീവനക്കാരനാണ് ഇയാൾ. തെറ്റായ വിവരങ്ങൾ പ്രചരിക്കാതിരിക്കുന്നതിനായി ബദലാപ്പൂർ മേഖലയിൽ ഇൻററർനെറ്റ് സേവനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. പ്രതിഷേധത്തെ തുടർന്ന് ട്രെയിൻ സർവീസുകൾ 12 മണിക്കൂറോളം നിർത്തി വയ്ക്കേണ്ടതായി വന്നു. കടകമ്പോളങ്ങൾ അടഞ്ഞു തന്നെ കിടക്കുകയാണ്. പ്രദേശത്ത് ആളുകൾ കൂട്ടംകൂടുന്നത് പോലീസ് നിരോധിച്ചു. കേസന്വേഷണത്തിനായി മഹാരാഷ്ട്ര സർക്കാർ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചു. സ്കൂളിൻറെ പ്രിൻസിപ്പൽ ഉൾപ്പെടെ മൂന്ന് പേരെ സംഭവത്തിൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&&

## J AND K: ELECTIONS DEPLOYMENT

ജമ്മുകശ്മീർ നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് 298 കമ്പനി അർധ സൈനിക വിഭാഗങ്ങളെ സുരക്ഷയ്ക്കായി വിന്യസിച്ചതായി കേന്ദ്ര സർക്കാർ. സുരക്ഷിതമായ തിരഞ്ഞെടുപ്പ് നടത്തിപ്പിനായി CRPF, BSF, SSB, ITBP എന്നിവയിൽ നിന്നുള്ള സേനാംഗങ്ങളെയാണ് വിന്യസിച്ചിട്ടുള്ളത്. മൂന്ന് ഘട്ടങ്ങളിലായി നടക്കുന്ന ജമ്മുകശ്മീർ തിരഞ്ഞെടുപ്പിലെ ആദ്യ ഘട്ടത്തിലേക്കുള്ള വിജ്ഞാപനം ഇന്നലെ പുറപ്പെടുവിച്ചിരുന്നു. അടുത്ത മാസം 18നാണ് ആദ്യ ഘട്ട വോട്ടെടുപ്പ്.

&&&&&&&&&&&&&&&&

## J AND K: TERRORIST

ജമ്മുകശ്മീരിലെ രജൗരിയിൽ ഭീകരത്താവളം തകർത്ത് സുരക്ഷാ സേന. ദർഹാൽ മേഖലയിലെ സഗ്രാവത്തിൽ പൊലീസും, സുരക്ഷാ സേനയും നടത്തിയ സംയുക്ത തിരച്ചിലിനിടെയാണ് ഭൂമിക്കടിയിലെ ഭീകരരുടെ താവളം കണ്ടെത്തിയത്. എന്നാൽ തിരച്ചിലിന് മുമ്പ് തന്നെ ഭീകരർ രക്ഷപ്പെട്ടിരുന്നു. ഉധംപൂർ ജില്ലയിൽ ഗുഹാ രൂപത്തിലുള്ള ഭീകരരുടെ താവളവും സുരക്ഷാ സേന നശിപ്പിച്ചിരുന്നു. .

&&&&&&&&&&&&&&&&&

## EPFO

എംപ്ലോയീസ് പ്രൊവിഡൻറ് ഫണ്ട് ഓർഗനൈസേഷനിൽ ഈ ജൂണിൽ അംഗമായത് 19.29 ലക്ഷം പേർ. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 7.86 ശതമാനം വളർച്ചയാണ് ഇതിൽ ഉണ്ടായിട്ടുള്ളത്. തൊഴിലവസരങ്ങൾ വർധിച്ചതുൾപ്പെടെയുള്ള നിരവധി ഘടകങ്ങളാണ് അംഗസംഖ്യ വർധിക്കാൻ കാരണമെന്ന് തൊഴിൽ മന്ത്രാലയം അറിയിച്ചു. പുതിയതായി അംഗമായവരിൽ 59 ശതമാനം പേരും 18 നും 25 നുമിടയിൽ പ്രായമുള്ളവരാണ്.

&&&&&&&&&&&&&&&&&

## RAIN

സംസ്ഥാനത്ത് ഇന്ന് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&

## WOMEN T-20

ഐസിസി വനിതാ ടി-20 ലോകകപ്പ് ക്രിക്കറ്റ് ഒൻപതാം പതിപ്പിന്റെ വേദികൾ ബംഗ്ലാദേശിൽ നിന്ന് യു എ ഇ യിലേക്ക് മാറ്റി. എന്നാൽ ലോകകപ്പിന്റെ ഔദ്യോഗിക ആതിഥേയരായി ബംഗ്ലാദേശ് ക്രിക്കറ്റ് ബോർഡ് തുടരും. ഒക്ടോബർ 3 മുതൽ 20 വരെ യുഎഇയിലെ ദുബായ്, ഷാർജ എന്നീ രണ്ട് വേദികളിലായാണ് ടൂർണമെന്റ് നടക്കുക. ബംഗ്ലാദേശിലെ നിലവിലുള്ള സംഘർഷ സാഹചര്യം പരിഗണിച്ചാണ് തീരുമാനം.

&&&&&&&&&&&&&&&&

## IRAN - PILGRIMS DEATH

മധ്യ ഇറാനിൽ ഷിയാ തീർത്ഥാടകർ സഞ്ചരിച്ച ബസ് അപകടത്തിൽപ്പെട്ട് 28 പേർ കൊല്ലപ്പെട്ടു. പാകിസ്ഥാനിൽ നിന്നും പോയ 51 തീർത്ഥാടകരുടെ സംഘമാണ് അപകടത്തിൽപ്പെട്ടത്.

&&&&&&&&&&&&&&&&

## MALDIVES - RAIN

മാൽഡീവ്സിൽ കനത്ത മഴയിൽ വ്യാപക നാശനഷ്ടം. വടക്കൻ മേഖലയിൽ 69 വീടുകൾ മഴക്കെടുതിയിൽ തകർന്നതായാണ് പ്രാഥമിക വിവരം. നിരവധിപ്പേരെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. തലസ്ഥാനമായ മാലിയിലും കഴിഞ്ഞ ദിവസങ്ങളിലുണ്ടായ കനത്ത മഴ വ്യാപക നാശനഷ്ടത്തിന് കാരണമായിരുന്നു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&